"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ്-കേരള വാട്ടർ അതോറിറ്റി-ഊർജ്ജിത കുടിശ്ശിക നിവാരണ യജ്ഞത്തിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി - 31.12.2021 വരെ കുടിശ്ശികയുള്ള ഉപഭോക്താക്കളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജലവിഭവ (ജല വിതരണ -ബി ) വകുപ്പ്

സ.ഉ.(സാധാ) നം.697/2022/WRD തീയതി,തിരുവനന്തപുരം, 04-08-2022

---

പരാമർശം:- 1. 28/06/2022 തീയതിയിലെ സ.ഉ,(കെ).നം.43/2022/ജവിവ

2. 18/07/2022 തീയതിയിലെ സ.ഉ,(സാധാ)നം.615/2022/ജവിവ

**ഉത്തരവ്**

ഊർജ്ജിത കുടിശ്ശിക നിവാരണ യജ്ഞത്തിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനു പരാമർശം 1 പ്രകാരം അനുമതി നൽകുകയുണ്ടായി. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം 2 പ്രകാരം അംഗീകരിക്കുകയുണ്ടായി. 30.06.2021 വരെ കുടിശ്ശികയുള്ള ഉപഭോക്താക്കളെയാണ് മേൽ പരാമർശിച്ച ഉത്തരവ് പരിഗണിച്ചിരിക്കുന്നത്.

2) പ്രസ്തുത ആനുകൂല്യം 31.12.2021 വരെ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് കൂടി ബാധകമാക്കികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീമാ മാനുവൽ
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

To

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം
3. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി.